**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **1665**

07.03.2018 ൽ
മറുപടിയ്ക്ക്

## ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ

ചോദ്യം

ശ്രീ. സി.ദിവാകരൻ
ശ്രീ. ആർ. രാമചന്ദ്രൻ
ശ്രീമതി. ഗീതാ ഗോപി
ശ്രീ.എൽദോ എബ്രഹാം

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി പദ്ധതിയുണ്ടോ;

(എ) സംസ്ഥാനത്ത് 6 ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. 19 പോലീസ് ജില്ലകളിൽ ഓരോന്നിലും 3 എണ്ണം ചൈൽഡ് ഫ്രണ്ട് ലി പോലീസ് സ്റ്റേഷൻ ആക്കി മാറ്റുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) ശിശുസൗഹൃദ പോലീസ് സ്റ്റേഷന്റെ സവിശേഷതകൾ വിശദമാക്കുമോ;

(ബി) ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ, രൂപത്തിലും ഭാവത്തിലും ഘടനയിലും ശിശുസൗഹൃദ പ്രവർത്തനവും അന്തരീക്ഷവും ആക്കുകയെന്നുള്ളതാണ്. കുട്ടികളുടെ പരിചരണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി ഇതുമായി ബന്ധപ്പെട്ടിരിക്കുന്ന മറ്റ് സർക്കാർ ഇതര സംഘടനകൾ, പൊതുസമൂഹം എന്നിവയുടെ ഒരു കൂട്ടായ്മ ഒരുക്കുക, കുട്ടികളുടെ അവകാശങ്ങളിലും അവരുടെ മാനസിക അവസ്ഥയെക്കുറിച്ചും വിശദമായ പരിശീലനം ലഭിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ താമസംവിനായുള്ള

| | | | |
|---|---|---|---|
| | | | ശക്തമായ നടപടി എടുക്കൽ എന്നിവ-യൊക്കെയാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കിയിട്ടുണ്ടോ; | (സി) | ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ എവിടെ-യൊക്കെയാണ് ആരംഭിക്കുന്ന-തെന്നറിയിക്കുമോ? | (ഡി) | സംസ്ഥാനത്ത് 6 ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.<br>1. ഫോർട്ട് പോലീസ് സ്റ്റേഷൻ, തിരുവനന്തപുരം സിറ്റി.<br>2. കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ, കൊല്ലം സിറ്റി.<br>3. കടവന്ത്ര പോലീസ് സ്റ്റേഷൻ, കൊച്ചി സിറ്റി.<br>4. തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ, തൃശ്ശൂർ സിറ്റി.<br>5. കോഴിക്കോട് ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ, കോഴിക്കോട് സിറ്റി.<br>6. കണ്ണൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ, കണ്ണൂർ. |

സെക്ഷൻ ഓഫീസർ